"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജീവനക്കാര്യം - ശ്രീ. പി.വി.ജയൻ(ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്) - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

G.O.(Rt)No.1067/2020/LSGD തീയതി,തിരുവനന്തപുരം, 06/06/2020

---

പരാമർശം:- 1 10/05/2013-ലെ 42/2013/ധന. നമ്പർ സർക്കുലർ

2 28/11/2013-ലെ സ.ഉ.(പി) നം. 580/2013/ധന.

3 സ.ഉ.(സാധാ) നം.759/2018/തസ്വഭവ തീയതി 21.03.2018.

4 സ.ഉ.(സാധാ) നം.1119/2019/തസ്വഭവ തീയതി 01/06/2019.

5 ധനകാര്യ (ഭരണം-എ) വകുപ്പിന്റെ 24/03/2020ലെ 1130482/ഭരണം-എ2/136/2019/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്

<u>ഉത്തരവ്</u>

ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ.പി.വി.ജയനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)-ലെ സർക്കാർ ഉത്തരവ്വ പ്രകാരം നിയമിക്കുകയും, പരാമർശം (4) പ്രകാരം ടിയാന്റെ അന്യത്രസേവനം 01/05/2019 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാന്റെ അന്യത്രസേവനകാലാവധി 30/04/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 01.05.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം ധനകാര്യ (ഭരണം-എ) വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ഫിനാൻസ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.പി.വി.ജയന്റെ (ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്) അന്യത്രസേവന കാലാവധി പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും, കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140 (സി)യിലെ വ്യവസ്ഥകൾക്കും, 1999-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും 01.05.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**File No.LSGD-IA4/74/2020-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം

ശ്രീ.പി.വി. ജയൻ (സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ.), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (29/5/2020-ലെ Spl.E2/70/2020/GAD പ്രകാരം)

ധനകാര്യ(ഭരണം-എ) വകുപ്പ് (24/3/2020-ലെ Admn.A2/136/2019-Fin. നമ്പർ അ.ക. പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ